**മധുരമായ കുട്ടികളേ- മുഴുവൻ ലോകത്തിലും നിങ്ങളെപ്പോലെ കോടിമടങ്ങ് ഭാഗ്യശാലികളായ വിദ്യാർത്ഥികൾ വേറെയില്ല, ജ്ഞാനസാഗരനായ അച്ഛൻ സ്വയം ടീച്ചറായി വന്ന് നിങ്ങളെ പഠിപ്പിക്കുകയാണ്.**

**ചോദ്യം-** ഏതൊരു ലഹരി സദാ നിലനിർത്തുകയാണെങ്കിൽ മോഹത്തിന്റെ ചരടുകൾ പൊട്ടിപ്പോകും?
**ഉത്തരം-** സേവനം ചെയ്യുന്നതിനുള്ള ലഹരി സദാ നിലനിർത്തുകയാണെങ്കിൽ മോഹത്തിന്റെ ചരടുകൾ പൊട്ടിപ്പോകും. സദാ ബുദ്ധിയിൽ ഓർമ്മയുണ്ടാകണം ഈ കണ്ണുകൾ കൊണ്ട് എന്തെല്ലാം കാണുന്നുവോ അതെല്ലാം വിനാശമാകാനുള്ളതാണ്. ഇതിനെയെല്ലാം കണ്ടുകൊണ്ടും കാണരുത്. അച്ഛന്റെ ശ്രീമതമാണ്- മോശമായത് കേൾക്കരുത്, മോശമായത് കാണരുത്......

**ഓംശാന്തി**. മധുരമായ സാലിഗ്രാമങ്ങളെപ്രതി അഥവാ ആത്മീയ കുട്ടികളെപ്രതി ശിവഭഗവാൻ ഉച്ചരിക്കുകയാണ്. ഇത് കുട്ടികൾക്ക് അറിയാവുന്നതാണ് നമ്മൾ സത്യയുഗി ആദി സനാതന ദേവീദേവതാ ധർമ്മത്തിലുള്ളവരായിരുന്നു, അതിനാൽ സദാ ഇത് ഓർമ്മയിലുണ്ടായിരിക്കണം. ആദി സനാതന ദേവീ ദേവതാ ധർമ്മത്തെ വളരെ അധികംപേർ അംഗീകരിക്കുന്നു പക്ഷേ ദേവതാ ധർമ്മത്തിനു പകരം ഹിന്ദു എന്ന് പേരുവെച്ചു. നിങ്ങൾക്ക് അറിയാം നമ്മൾ ആദി സനാതനധർമ്മത്തിലെ ആരായിരുന്നു? പിന്നീട് പുനർജന്മം എടുത്ത് എടുത്ത് ഇങ്ങനെയായി മാറി. ഇത് ഭഗവാൻ മനസ്സിലാക്കിത്തരുകയാണ്. ഭഗവാൻ ഏതെങ്കിലും ദേഹധാരിയായ മനുഷ്യനല്ല. ബാക്കി എല്ലാവർക്കും തന്റേതായി ശരീരമുണ്ട്, ശിവബാബയെ പറയുന്നത് വിദേഹീ എന്നാണ്. ബാബയ്ക്ക് സ്വന്തമായി ശരീരമില്ല ബാക്കി എല്ലാവർക്കും സ്വന്തമായി ശരീരമുണ്ട്, അതിനാൽ സ്വയം വിദേഹിയാണ് എന്ന് മനസ്സിലാക്കുന്നത് നിങ്ങൾക്ക് എത്ര മധുരമായി തോന്നുന്നു. നമ്മൾ എന്തായിരുന്നു, ഇപ്പോൾ എന്തായി മാറുകയാണ്. ഈ ഡ്രാമ എങ്ങനെ ഉണ്ടാക്കപ്പെട്ടതാണ്- ഇതും നിങ്ങൾ ഇപ്പോഴാണ് മനസ്സിലാക്കുന്നത്. ഈ ദേവീദേവതാ ധർമ്മം തന്നെയാണ് പവിത്ര ഗൃഹസ്ഥാശ്രമം. ഇപ്പോൾ ആശ്രമമില്ല. നിങ്ങൾക്ക് അറിയാം നമ്മൾ ഇപ്പോൾ ആദി സനാതന ദേവീദേവതാ ധർമ്മത്തിന്റെ സ്ഥാപന ചെയ്യുകയാണ്. ഹിന്ദുവെന്ന പേര് ഇപ്പോൾ വെച്ചതാണ്. ആദി സനാതന ഹിന്ദുധർമ്മമല്ല. ബാബ വളരെ അധികം പ്രാവശ്യം പറഞ്ഞിട്ടുണ്ട്- ആദി സനാതന ധർമ്മത്തിലുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കൂ. പറയൂ, ഇതിൽ എഴുതൂ ആദി സനാതന ദേവീദേവതാ ധർമ്മത്തിലേതാണോ അതോ ഹിന്ദുധർമ്മത്തിലേതാണോ? എങ്കിൽ അവർക്ക് 84 ജന്മങ്ങളെ മനസ്സിലാക്കാം. ഈ ജ്ഞാനം വളരെ സഹജമാണ്. കേവലം ലക്ഷക്കണക്കിന് വർഷങ്ങൾ എന്നു പറയുന്നതിനാൽ മനുഷ്യർ സംശയിക്കുന്നു. ഇതും ഡ്രാമയിൽ ഉള്ളതാണ്. സതോപ്രധാനത്തിൽ നിന്നും തമോപ്രധാനമായി മാറണം എന്നതും ഡ്രാമയിലുള്ള പാർട്ടാണ്. ദേവതാ ധർമ്മത്തിലുള്ളവർ തന്നെ 84 ജന്മങ്ങൾ എടുത്ത് എടുത്ത് ഇപ്പോൾ മോശമായിരിക്കുന്നു. ആദ്യം ഭാരതം എത്ര ശ്രേഷ്ഠമായിരുന്നു. ഭാരതത്തിന്റെ മഹിമ തന്നെയാണ് പാടേണ്ടത്. ഇപ്പോൾ വീണ്ടും തമോപ്രധാനത്തിൽ നിന്നും സതോപ്രധാനം, പഴയ ലോകത്തിൽ നിന്നും പുതിയതായി മാറുകതന്നെ വേണം. മുന്നോട്ട് പോകുന്തോറും നിങ്ങൾ പറയുന്നത് എല്ലാവരും തീർച്ചയായും മനസ്സിലാക്കും. പറയൂ, ഘോരമായ നിദ്രയിൽ നിന്നും ഉണരൂ. അച്ഛനേയും സമ്പത്തിനേയും ഓർമ്മിക്കൂ. നിങ്ങൾ കുട്ടികൾ മുഴുവൻ ദിവസവും സന്തോഷമായിരിക്കണം. മുഴുവൻ ലോകത്തിലും, മുഴുവൻ ഭാരതത്തിലും നിങ്ങളെപ്പോലെ കോടിമടങ്ങ് ഭാഗ്യശാലികളായ വിദ്യാർത്ഥികൾ മറ്റാരുമില്ല. മനസ്സിലാക്കുന്നുണ്ട് നമ്മൾ എന്തായിരുന്നുവോ അതായി വീണ്ടും മാറുകയാണ്. ഉമി കുത്തിച്ചേറി മാറ്റി വീണ്ടും അതായി മാറും. ഇതിൽ നിങ്ങൾ സംശയിക്കരുത്. പ്രദർശിനിയിൽ ഒരല്പം കേട്ടിട്ട് പോയാൽപോലും പ്രജയായി മാറും എന്തുകൊണ്ടെന്നാൽ അവിനാശീ ജ്ഞാനധനത്തിന്റെ വിനാശം ഒരിയ്ക്കലും ഉണ്ടാകില്ല. ദിനം പ്രതി ദിനം നിങ്ങളുടെ സംഘടന ശക്തിശാലിയായി മാറും. പിന്നെ ഒരുപാടുപേർ നിങ്ങളുടെ അടുത്തേയ്ക്ക് വരും. പതുക്കെ പതുക്കെ ധർമ്മത്തിന്റെ സ്ഥാപനയുണ്ടാകും. അഥവാ ഏതെങ്കിലും പ്രശസ്തനായ വ്യക്തി പുറത്തുനിന്നും വരുകയാണെങ്കിൽ അവരുടെ മുഖം ദർശിക്കാൻ എത്ര മനുഷ്യരാണ് പോകുന്നത്. ഇവിടെയാണെങ്കിൽ ആ കാര്യമില്ല. നിങ്ങൾക്ക് അറിയാം ഈ ലോകത്തിൽ എന്തെല്ലാം വസ്തുക്കളുണ്ടോ അതെല്ലാം വിനാശിയാണ്. അതിനെയൊന്നും കാണരുത്. മോശമായത് കാണരുത്.... ഈ അഴുക്ക് ഭസ്മമാകാനുള്ളതാണ്. എന്തെല്ലാം കാണുന്നുവോ അത് മനുഷ്യരാണെങ്കിലും ശരി, മനസ്സിലാക്കുന്നുണ്ട് ഇവയെല്ലാം കലിയുഗിയാണ്. നിങ്ങളാണ് സംഗമയുഗീ ബ്രാഹ്മണർ. സംഗമയുഗത്തെ ആരും അറിയുന്നില്ല. കേവലം ഇത് മാത്രം ഓർമ്മിക്കൂ- ഇത് സംഗമയുഗമാണ്, ഇപ്പോൾ വീട്ടിലേയ്ക്ക് പോകണം. തീർച്ചയായും പവിത്രമായി മാറണം. ഇപ്പോൾ ബാബ പറയുന്നു ഈ കാമവികാരം ആദി മദ്ധ്യ അന്ത്യം ദുഃഖം നൽകുന്നതാണ്, ഇതിനെ ജയിക്കൂ. നോക്കൂ വിഷത്തിനായി എത്ര ബുദ്ധിമുട്ടിക്കുന്നു. ബാബ പറ

യുന്നു കാമം മഹാ ശത്രുവാണ്, അതിനെ ജയിക്കൂ. ഇപ്പോൾ ഈ സമയത്ത് എത്രയധികം മനുഷ്യരാണ് ഈ ലോകത്തിൽ. നിങ്ങൾ ഓരോരുത്തർക്കായി എത്രത്തോളം മനസ്സിലാക്കിക്കൊടുക്കും. ഒരാൾക്ക് മനസ്സിലാക്കിക്കൊടുക്കുകയാണെങ്കിൽ അടുത്ത ആൾ പറയും മാജിക്കാണ്, പിന്നീട് പഠിപ്പ് ഉപേക്ഷിക്കുന്നു അതിനാൽ ബാബ പറയുകയാണ് ആദി സനാതന ധർമ്മത്തിലുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കൂ. ആദി സനാതന ധർമ്മം തന്നെയാണ് ദേവതാ ധർമ്മം. നിങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നു ഈ ലക്ഷ്മീ നാരായണന്മാർ എങ്ങനെയാണ് ഈ പദവി നേടിയത്? മനുഷ്യനിൽ നിന്നും എങ്ങനെ ദേവതയായി മാറി? തീർച്ചയായും അന്തിമ ജന്മത്തിലായിരിക്കും. 84 ജന്മങ്ങൾ പൂർത്തിയാക്കി പിന്നീട് ഇവരായി മാറി. ആർക്കാണോ സേവനത്തിൽ ലഹരിയുള്ളത് അവർ ഇതിൽ മുഴുകും. ബാക്കി എല്ലാത്തിൽ നിന്നും മോഹം മുറിയും. നമ്മൾ ഈ കണ്ണുകൾ കൊണ്ട് എന്തെല്ലാം കാണുന്നുണ്ടോ അതിനെയെല്ലാം മറക്കണം. കാണുന്നേയില്ല അങ്ങനെയായിരിക്കണം. മോശമായത് കാണരുത്..... മനുഷ്യരാണെങ്കിൽ കുരങ്ങിന്റെ ചിത്രം ഉണ്ടാക്കിയിരിക്കുന്നു. ഒന്നും മനസ്സിലാക്കുന്നില്ല. പെൺകുട്ടികൾ എത്ര പരിശ്രമിക്കുന്നു. ആരാണോ മനസ്സിലാക്കിക്കൊടുത്ത് യോഗ്യരാക്കി മാറ്റുന്നത് അവർക്ക് ബാബ അവസരങ്ങൾ നൽകുന്നു. ആരാണോ ജോലി ചെയ്ത് കാണിക്കുന്നത് അവർക്കുതന്നെയാണ് സമ്മാനവും ലഭിക്കുന്നത്. ബാബ നമുക്ക് എത്ര സമ്മാനം നൽകും ഇതു നിങ്ങൾക്ക് അറിയാം. ആദ്യസമ്മാനമാണ് സൂര്യവംശീ രാജധാനി. രണ്ടാമതാണ് ചന്ദ്രവംശീ രാജധാനി. എല്ലാവരും നമ്പർവൈസ് തന്നെയായിരിക്കും. ഭക്തിമാർഗ്ഗത്തിലെ ശാസ്ത്രങ്ങൾ എത്രയാണ് ഇരുന്ന് ഉണ്ടാക്കുന്നത്. ഇപ്പോൾ ബാബ മനസ്സിലാക്കിത്തരുന്നു ഈ ശാസ്ത്രങ്ങൾ വായിക്കുക, യജ്ഞം തപം എന്നിവ ചെയ്യുന്നതുകൊണ്ട് എന്റെ അടുത്ത് എത്താൻ കഴിയില്ല. ദിവസങ്ങൾ ചെല്ലുന്തോറും എത്രത്തോളം പാപാത്മാക്കളായിത്തീരുന്നു. പുണ്യാത്മാവാകാൻ ആർക്കും സാധിക്കില്ല. അച്ഛൻ തന്നെയാണ് വന്ന് പുണ്യാത്മാവാക്കി മാറ്റുന്നത്. ഒന്ന് പരിധിയുള്ള ദാനപുണ്യം, രണ്ടാമത്തേത് പരിധിയില്ലാത്തതാണ്. ഭക്തിമാർഗ്ഗത്തിൽ പരോക്ഷമായി ഈശ്വരാർത്ഥം ദാനപുണ്യങ്ങൾ ചെയ്യുന്നു പക്ഷേ ഈശ്വരൻ എന്ന് വിളിക്കുന്നത് ആരെയാണ് എന്നതുപോലും അറിയുകയില്ല. ഇപ്പോൾ നിങ്ങൾക്ക് അറിയാം. നിങ്ങൾ പറയുന്നു ശിവബാബ ഞങ്ങളെ എന്തിൽ നിന്ന് എന്താക്കിയാണ് മാറ്റുന്നത്! ഭഗവാൻ ഒന്നേയുള്ളു. ഭഗവാനെ പിന്നീട് സർവ്വവ്യാപി എന്നു പറയുന്നു. അതിനാൽ അവർക്ക് മനസ്സിലാക്കിക്കൊടുക്കണം നിങ്ങൾ എന്താണ് ചെയ്തത് എന്ന്. നിങ്ങളുടെ അടുത്തേയ്ക്ക് വരുന്നുമുണ്ട് പക്ഷേ അല്പം കേട്ട് പുറത്തുപോയാൽ അതോടെ കഴിഞ്ഞു. ഇവിടത്തെ കാര്യം ഇവിടെത്തന്നെ ഇരുന്നു. എല്ലാം മറക്കുന്നു. നിങ്ങളോട് പറയും ജ്ഞാനം നല്ലതാണ് ഞങ്ങൾ വീണ്ടും വരുമെന്ന്. പക്ഷേ മോഹത്തിന്റെ ചരടുകൾ മുറിയുന്നില്ല. മോഹജീത്ത് രാജാവിന്റെ കഥ എത്ര നല്ലതാണ്. മോഹജീത്ത് രാജാവ് ഫസ്റ്റ് ക്ലാസായ ഈ ലക്ഷ്മീ നാരായണന്മാരാണ്. പക്ഷേ മനുഷ്യർ മനസ്സിലാക്കുന്നില്ല. അത്ഭുതമാണ്. രാവണരാജ്യത്തിൽ ഏണിപ്പടികൾ ഇറങ്ങി തീർത്തും താഴേക്ക് വീണുപോയി. കുട്ടികളുടെ കളിയുണ്ടല്ലോ. മുകളിലേയ്ക്ക് പോയിട്ട് പിന്നീട് താഴേക്ക് വീഴുന്നു. നിങ്ങളുടെ കളിയും വളരെ സഹജമാണ്. അച്ഛൻ പറയുന്നു നല്ലരീതിയിൽ ധാരണ ചെയ്യൂ. ഒരു മോശമായ കാര്യവും ചെയ്യരുത്.

അച്ഛൻ പറയുന്നു ഞാൻ ബീജസ്വരൂപവും സത്-ചിത് ആനന്ദസ്വരൂപവുമാണ്. ജ്ഞാനസാഗരനാണ്. ഇപ്പോൾ ജ്ഞാനസാഗരൻ എന്താ മുകളിൽത്തന്നെ ഇരിക്കുമോ? തീർച്ചയായും എപ്പോഴെങ്കിലും വന്ന് ജ്ഞാനം നൽകിയിട്ടുണ്ടാകും. ജ്ഞാനം എന്നാൽ എന്താണ്, എന്നതുപോലും ചിലർക്ക് അറിയില്ല. ഇപ്പോൾ അച്ഛൻ പറയുന്നു ഞാൻ നിങ്ങളെ പഠിപ്പിക്കാൻ വരുകയാണ് അതിനാൽ ദിവസവും പഠിക്കണം. ഒരു ദിവസം പോലും പഠിപ്പ് മുടക്കരുത്. തീർച്ചയായും നല്ല എന്തെങ്കിലും പോയിന്റുകൾ ലഭിക്കും. മുരളി പഠിക്കുന്നില്ലെങ്കിൽ പോയിന്റ് തീർച്ചയായും മിസ്സാകും. പരിധിയില്ലാത്ത പോയിന്റ്സുണ്ട്. നിങ്ങൾ ഭാരതവാസികൾ ആദിസനാതന ദേവീദേവതാ ധർമ്മത്തിലേതാണ് എന്നതും മനസ്സിലാക്കിക്കൊടുക്കണം. ഇപ്പോൾ എത്രയധികം ധർമ്മങ്ങളാണ്. വീണ്ടും ചരിത്രം ആവർത്തിക്കും. ഇതും കയറുന്നതിനും ഇറങ്ങുന്നതിനുമുള്ള ഏണിപ്പടിയാണ്. എങ്ങനെയാണോ ഭൂതത്തിന് ആജ്ഞ നൽകുന്നത്- പടികൾ കയറൂ എന്നിട്ട് ഇറങ്ങൂ. നിങ്ങൾ എല്ലാവരും ഭൂതങ്ങളല്ലേ. 84 ന്റെ ഏണിപ്പടി കയറുന്നു പിന്നീട് ഇറങ്ങുന്നു. എത്രയധികം മനുഷ്യരാണ്. ഓരോരുത്തർക്കും എത്ര പാർട്ടാണ് അഭിനയിക്കാനുള്ളത്. കുട്ടികൾക്ക് വളരെ അത്ഭുതം തോന്നണം. നിങ്ങൾക്ക് പരിധിയില്ലാത്ത മുഴുവൻ നാടകത്തിന്റെയും അറിവ് ലഭിച്ചു. മുഴുവൻ സൃഷ്ടിയുടേയും ആദി മദ്ധ്യ അന്ത്യത്തെ നിങ്ങൾ ഇപ്പോൾ മനസ്സിലാക്കി. ഒരു മനുഷ്യനും ഇത് അറിയാൻ കഴിയില്ല. സത്യയുഗത്തിൽ ആരുടെ മുഖത്തുനിന്നും ഒരു മോശമായ വാക്കും വരില്ല. ഇവിടെയാണെങ്കിൽ പരസ്പരം വഴക്കുപറഞ്ഞുകൊണ്ടിരിക്കുന്നു. ഇതാണ് വിഷയ വൈതരണീ നദി അതായത് ഘോരനരകം. എല്ലാ മനുഷ്യരും ഘോരനരകത്തിൽ പെട്ടിരിക്കുകയാണ്. ഇവിടെ എങ്ങനെയാണോ രാജാവും റാണിയും അതുപോലെയാണ് പ്രജകളും. എപ്പോഴാണോ മനസ്സിലാക്കുന്നത് ആദി സനാതന ദേവീദേവതാ ധർമ്മത്തിന്റെ സ്ഥാപന ആരാണ് ചെയ്തത്, അപ്പോൾ അന്തിമത്തിൽ നിങ്ങളുടെ വിജയം ഉണ്ടാകും. ഇതാണ്

ആദ്യത്തെ മുഖ്യമായ കാര്യം പക്ഷേ ഇത് ആരും അറിയുന്നില്ല.

അച്ഛൻ പറയുന്നു ഞാൻ ഏഴകളുടെ തോഴൻ തന്നെയാണ്. അവസാന സമയത്ത് വളരെ വൈകുമ്പോൾ ഇത് മനസ്സിലാക്കും. ഇപ്പോൾ നിങ്ങൾക്ക് മൂന്നാമത്തെ നേത്രം ലഭിച്ചിരിക്കുന്നു. മധുരമായ വീട്ടിന്റേയും മധുരമായ രാജധാനിയുടേയും ഓർമ്മ ബുദ്ധിയിലുണ്ട്. അച്ഛൻ പറയുന്നു ഇപ്പോൾ ശാന്തീധാമത്തിലേയ്ക്കും സുഖധാമത്തിലേയ്ക്കും പോകണം. നിങ്ങൾ എന്ത് പാർട്ടാണോ അഭിനയിച്ചത് അത് ബുദ്ധിയിൽ വരുന്നുണ്ടല്ലോ. നിങ്ങൾ ബ്രാഹ്മണർ ഒഴിച്ച് ബാക്കി എല്ലാവരും മരിച്ച് കിടക്കുകയാണ്. ബ്രാഹ്മണർ മാത്രമേ എഴുന്നേറ്റ് നിൽക്കുകയുള്ളു. ബ്രാഹ്മണർ തന്നെയാണ് ദേവതയായി മാറുന്നത്. ഈ ഒരു ധർമ്മം സ്ഥാപിക്കപ്പെടുകയാണ്. ബാക്കി ധർമ്മങ്ങൾ എങ്ങനെയാണ് സ്ഥാപിക്കപ്പെട്ടത് എന്നതും ബുദ്ധിയിലുണ്ട്. മനസ്സിലാക്കിത്തരുന്നത് ഒരേഒരു ബാബയാണ്. ഇങ്ങനെയുള്ള അച്ഛനെ മിനിറ്റിന് മിനിറ്റിന് ഓർമ്മിക്കണം. ജോലികളെല്ലാം ചെയ്തോളൂ പക്ഷേ പവിത്രമാവണം എന്നുമാത്രം. ആദി സനാതന ദേവീ ദേവതാ ധർമ്മം പവിത്രമായിരുന്നു. ഇപ്പോൾ വീണ്ടും പവിത്രമാകണം. നടക്കുമ്പോഴും കറങ്ങുമ്പോഴും നിങ്ങൾ എന്നെ ഓർമ്മിക്കു എങ്കിൽ നിങ്ങൾ സതോപ്രധാനമായി മാറും. സതോപ്രധാനമായി മാറുമ്പോഴേ ശക്തിയുണ്ടാകൂ. ഓർമ്മിയ്ക്കാതെ നിങ്ങൾക്ക് ഉയർന്നതിലും ഉയർന്ന പദവി ഒരിയ്ക്കലും നേടാൻ കഴിയില്ല. സതോപ്രധാനം വരെ എത്തുമ്പോഴേ പാപം ഭസ്മമാകൂ. ഇതാണ് യോഗാഗ്നി– ഈ പദം ഗീതയിലേതാണ്. യോഗം യോഗം എന്ന് പറഞ്ഞ് തലയിട്ടുടയ്ക്കുന്നു. യോഗം പഠിപ്പിക്കുന്നതിനുവേണ്ടി വിദേശത്തുനിന്നുപോലും ആളുകളെ കുടുക്കി കൊണ്ടുവരുന്നു. നിങ്ങളുടെ കാര്യങ്ങൾ ആളുകൾ മനസ്സിലാക്കണം. പരമാത്മാവ് സുപ്രീം സോൾ ഒന്നേയുള്ളു. അവർ തന്നെയാണ് വന്ന് എല്ലാവരേയും സുപ്രീമാക്കുന്നത്. ഒരു ദിവസം പത്രത്തിൽ ഇങ്ങനെ വാർത്തയിടും. ഇത് സത്യമാണല്ലോ. ഒരേയൊരു പരമപിതാ പരമാത്മാവിനല്ലാതെ മറ്റാർക്കും രാജയോഗം പഠിപ്പിക്കാൻ സാധിക്കില്ല. ഇങ്ങനെയുള്ള കാര്യങ്ങൾ വലിയ വലിയ അക്ഷരങ്ങളിൽ അച്ചടിക്കണം. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യസാരം –

1. സൂര്യവംശീ രാജധാനിയുടെ സമ്മാനം നേടുന്നതിനുവേണ്ടി ബാപ്ദാദ നൽകുന്ന അവസരങ്ങൾ ഉപയോഗിക്കണം. സേവനം ചെയ്ത് കാണിക്കണം. മോഹത്തിന്റെ ചരടുകളെ പൊട്ടിക്കണം.

2. ജ്ഞാനസാഗരനും വിദേഹിയുമായ അച്ഛൻ സ്വയം പഠിപ്പിക്കാനായി വരുന്നു അതിനാൽ ദിവസവും പഠിക്കണം. ഒരു ദിവസം പോലും പഠിപ്പ് മിസ്സാക്കരുത്. അച്ഛനു സമാനം വിദേഹിയാകുന്നതിനുള്ള പുരുഷാർത്ഥം ചെയ്യണം.

## വരദാനം – തന്റെ പ്രായോഗിക ജീവിതത്തിന്റെ തെളിവിലൂടെ ശാന്തിയുടെ ശക്തിയുടെ ശബ്ദം വ്യാപിപ്പിക്കുന്ന വിശേഷ സേവാധാരിയായി ഭവിക്കൂ.

എല്ലാവരേയും ശാന്തിയുടെ ശക്തിയുടെ അനുഭവം ചെയ്യിപ്പിക്കുക – ഇത് ഒരു വിശേഷ സേവനമാണ്. സയൻസിന്റെ ശക്തി പ്രസിദ്ധമായത് പോലെ ശാന്തിയുടെ ശക്തിയും പ്രസിദ്ധമാകും. എല്ലാവരിൽ നിന്നും ശാന്തിയുടെ ശക്തി സയൻസിന്റെ ശക്തിയേക്കാൾ ഉയർന്നതാണ് എന്ന ശബ്ദം മുഴങ്ങി കൊണ്ടിരിക്കും. ആ ദിവസവും വരും. ശാന്തിയുടെ ശക്തിയുടെ പ്രത്യക്ഷത എന്നാൽ ബാബയുടെ പ്രത്യക്ഷത. ശാന്തിയുടെ ശക്തിയുടെ പ്രത്യക്ഷ തെളിവാണ് നിങ്ങൾ ഓരോരുത്തരുടയും ജീവിതം. ഓരോരുത്തരും നടക്കുമ്പോഴും കറങ്ങുമ്പോഴും ശാന്തിയുടെ ശക്തിയുടെ മോഡൽ ആയി കാണപ്പെടുകയാണെങ്കിൽ സയൻസുകാരുടെ ദൃഷ്ടിയും സൈലൻസുക്കാരിൽ പതിയും. ഇങ്ങനെയുള്ള സേവനം ചെയ്യൂ അപ്പോൾ പറയും വിശേഷ സേവാധാരി.

## സ്ലോഗൻ – സേവനത്തിന്റേയും സ്ഥിതിയുടേയും ബാലൻസ് വെക്കുകയാണെങ്കിൽ സർവ്വരുടേയും ആശീർവാദം ലഭിച്ച് കൊണ്ടിരിക്കും.

## മാതേശ്വരിജിയുടെ അമൂല്യമായ മഹാവാക്യങ്ങൾ

### 1. നയനഹീനർ അഥവാ ജ്ഞാനനേത്രഹീനർക്ക് വഴി പറഞ്ഞുകൊടുക്കുന്ന പരമാത്മാവ്.

നയനഹീനർക്ക് വഴി കാട്ടിത്തരൂ പ്രഭോ... ഇപ്പോൾ മനുഷ്യർ ഈ ഗീതം പാടുന്നു, നയനഹീനർക്ക് വഴി കാണിച്ചുതരൂ, അതിനർത്ഥം വഴി കാണിച്ചുതരുന്നത് ഒരേയൊരു പരമാത്മാവാണ്, അതുകൊണ്ടാണ് പരമാത്മാവിനെ വിളിക്കുന്നത്, മാത്രമല്ല വഴികാണിച്ചുതരൂ പ്രഭോ എന്ന് പറയുമ്പോൾ തീർച്ചയായും മനുഷ്യർക്ക് വഴി കാണിച്ചുകൊടുക്കുന്നതിനുവേണ്ടി സ്വയം പരമാത്മാവ് നിരാകാരരൂപത്തിൽ നിന്ന് സാകാരരൂപത്തിലേക്ക് തീർച്ചയായും വരേണ്ടതുണ്ട്, അപ്പോഴേ സ്ഥൂലത്തിൽ വഴി പറഞ്ഞുകൊടുക്കൂ, വരാതെ വഴി പറഞ്ഞുകൊടുക്കാൻ കഴിയില്ല. ഇപ്പോൾ ആശയക്കുഴപ്പത്തിലായ മനുഷ്യർക്ക് വഴി വേണം, അതിനാൽ പരമാത്മാവിനോട് പറയുന്നു, നയനഹീനർക്ക് വഴി പറഞ്ഞുതരൂ പ്രഭോ...ആ പരമാത്മാവിനെ തന്നെയാണ് പിന്നെ തോണിക്കാരൻ എന്നും പറയുന്നത്, ആരാണോ ഇക്കരെ അഥവാ ഈ 5 തത്വങ്ങളാൽ നിർമ്മിതമായ സൃഷ്ടിയെ മറികടന്ന് അക്കരെ അഥവാ 5 തത്വങ്ങൾക്കുമുപരി ആറാമത്തെ തത്വമായ അഖണ്ഡജ്യോതിമഹാതത്വത്തിലേക്ക് കൊണ്ടുപോകുന്നത് . അതിനാൽ പരമാത്മാവും അക്കരെ നിന്ന് ഇക്കരേക്ക് വന്നാലേ കൊണ്ടുപോകൂ. അതിനാൽ പരമാത്മാവിനും തന്റെ വീടിൽ നിന്ന് വരേണ്ടിവരുന്നു. അതിനാലാണ് പരമാത്മാവിനെ തോണിക്കാരൻ എന്ന് പറയുന്നത്. പരമാത്മാവ് തന്നെയാണ് നാം ആത്മാക്കളാകുന്ന തോണിയെ അക്കരേക്ക് കൊണ്ടുപോകുന്നത്. ഇപ്പോൾ ആരാണോ പരമാത്മാവിനോടൊപ്പം യോഗം വെക്കുന്നത് അവരെ കൂടെ കൊണ്ടുപോകും. ബാക്കി ആര് അവശേഷിക്കുന്നുവോ അവർ ധർമ്മരാജന്റെ ശിക്ഷ അനുഭവിച്ചശേഷം പിന്നീട് മുക്തമാകും.

### 2. മുള്ളുകൾ അഥവാ ദു:ഖത്തിന്റെ ലോകത്തിൽ നിന്ന് പൂക്കളുടെ ഛായ അഥവാ സുഖത്തിന്റെ ലോകത്തിലേക്ക് കൊണ്ടുപോകുന്നത് പരമാത്മാവാണ്.

മുള്ളുകളുടെ ലോകത്തുനിന്നും പൂക്കളുടെ ഛായയിലേക്ക് കൊണ്ടുപോകൂ... ഇപ്പോൾ ഈ വിളി കേവലം പരമാത്മാവിനോടാണ് നടത്തുന്നത്. എപ്പോൾ മനുഷ്യർ അതി ദു:ഖിതരാകുന്നോ അപ്പോൾ പരമാത്മാവിനെ ഓർമ്മിക്കുന്നു, പരമാത്മാവ് ഈ മുള്ളുകളുടെ ലോകത്ത് നിന്നും പൂക്കളുടെ തണലിലേക്ക് കൊണ്ടുപോകുന്നു. ഇതിലൂടെ തെളിയുന്നു അതായത് തീർച്ചയായും അതും ഏതോ ഒരു ലോകമാണ്. ഇപ്പോഴത്തെ ഈ ലോകം മുള്ളുകൾ നിറഞ്ഞതാണെന്ന് ഇപ്പോൾ സർവ്വർക്കും അറിയാം. ഇക്കാരണത്താലാണ് മനുഷ്യർ ദു:ഖവും അശാന്തിയും അനുഭവിക്കുമ്പോൾ പുഷ്പങ്ങളുടെ ലോകത്തെ ഓർമ്മിക്കുന്നത്. അപ്പോൾ അങ്ങിനെയും ഒരു ലോകമുണ്ടാകും ആ ലോകത്തിന്റെ സംസ്കാരം ആത്മാവിൽ നിറഞ്ഞിട്ടുണ്ടാകും. ഇപ്പോൾ നമുക്കറിയാം ദു:ഖവും അശാന്തിയുമെല്ലാം കർമ്മബന്ധനത്തിന്റെ കണക്കുകളാണെന്ന്. രാജാവ് മുതൽ പാവപ്പെട്ടവർ വരെ ഓരോ മാനവനും ഈ കണക്കുകളാൽ വരിഞ്ഞുമുറുക്കപ്പെട്ടിരിക്കയാണ്. അതിനാൽ പരമാത്മാവ് തന്നെ പറയുന്നു, ഇത് കലിയുഗീലോകമാണ്, അത് പൂർണ്ണമായും കർമ്മബന്ധന നിർമ്മിതമാണ്, മുമ്പത്തെ ലോകം സത്യയുഗമായിരുന്നു അതിനെയാണ് പുഷ്പങ്ങളുടെ ലോകമെന്ന് പറയുന്നത്. അത് കർമ്മബന്ധനരഹിത ജീവന്മുക്തരായ ദേവീദേവതകളുടെ രാജ്യമാണ്, അതിപ്പോളില്ല. ഇപ്പോൾ നാം ജീവന്മുക്തമെന്ന് പറയുന്നതിന്റെ അർത്ഥം നാം ഏതെങ്കിലും ദേഹത്തിൽ നിന്ന് മുക്തമായിരുന്നെന്നല്ല, മറിച്ച് അവർക്ക് യാതൊരു ദേഹബോധവും ഇല്ലായിരുന്നു, അവർ ദേഹത്തിലിരുന്നുകൊണ്ടും ദു:ഖം അനുഭവിച്ചിരുന്നില്ല, അതായത് അവിടെ യാതൊരു കർമ്മബന്ധനത്തിന്റെ അവസരവും ഇല്ല. അവർ ജനിച്ച് മരണം വരെ ആദി മദ്ധ്യ അന്ത്യം സുഖം അനുഭവിച്ചിരുന്നു. അതിനാൽ ജീവന്മുക്തിയെന്നാൽ ജീവിച്ചിരുന്നുകൊണ്ടും കർമ്മാതീതം. അപ്പോൾ ഈ മുഴുവൻ ലോകത്തേയും 5 വികാരങ്ങൾ വരിഞ്ഞുമുറുക്കിയിരിക്കുകയാണ്, 5 വികാരങ്ങളും പൂർണ്ണമായും ഉള്ളിലുണ്ടെന്ന് കരുതിക്കോളൂ, പക്ഷെ മനുഷ്യന് ഈ 5 വികാരങ്ങളെയും ജയിക്കാനുള്ള ശക്തിയില്ല, അപ്പോഴാണ് പരമാത്മാവ് സ്വയം വന്ന് നമ്മെ 5 ഭൂതങ്ങളിൽ നിന്ന് മോചിപ്പിക്കുന്നതും ഭാവിയിലെ പ്രാലബ്ധമായ ദേവീ ദേവതാ പദവി പ്രാപ്തമാക്കിത്തരുന്നതും.